പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2923 — 28/01/2014 ൽ മറുപടിയ്ക്ക്

## കോട്ടയം ജില്ലയിലെ ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 15-09-2007-ാം തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ കോട്ടയം ജില്ലയിൽ എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ ; | (എ) 5 പേരെ നിയമിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ; 2014-15 സാമ്പത്തിക വർഷം ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് അറിയിക്കാമോ ; | (ബി) ആർ.എം.എസ്.എ പദ്ധതി പ്രകാരം 5 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തിയിട്ടുണ്ടെങ്കിലും ടി സ്കൂളുകളിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തസ്തിക അനുവദിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ ഒഴിവുകളുടെ എണ്ണം വ്യക്തമല്ല. 2014-2015 വർഷത്തെ റിട്ടയർമെന്റ് ഒഴിവുകൾ ശേഖരിച്ച് വരുന്നതേയുള്ളൂ. |
| (സി) ഈ ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ ; ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) 30.09.2013 -ൽ നിലവിലുള്ളതും 31-03-2014 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതും $4^1/_2$ വർഷം പൂർത്തിയാകാത്തതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി 31.03.2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി -യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ